കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
ഗവേഷണ സ്ഥാപനം

# ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ

IRTC

മാർച്ച് 2021 | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | മുണ്ടൂർ, പാലക്കാട് | "ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്"

## 'മഴവില്ല്' പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു



'മഴവില്ല്' ജില്ലാതല ഉദ്ഘാടനം പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ നിർവ്വഹിക്കുന്നു

കേരള ഡവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൌൺസിൽ (കെ-ഡിസ്ക്) ആരംഭിക്കുന്ന 'മഴവില്ല്' പ്രവർത്യാധിഷ്ഠിത ശാസ്ത്രപഠന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യ ഇടപെടൽ നടത്താൻ ഈ പദ്ധതിയ്ക്ക് കഴിയുമെന്നും കുട്ടികളിലെ അന്വേഷണാത്മകത അപഗ്രഥനശേഷി എന്നിവ വർദ്ധിപ്പിയ്ക്കാൻ സാധിക്കുമെന്നും പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.

കെഡിസ്കിന്റെ നേതൃത്വത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട അഞ്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് ഈ പ്രവർത്തനം ആരംഭിക്കുന്നത്. ഗവൺമെന്റ് ആർട്സ് കോളേജ്- തിരുവനന്തപുരം, മഹാരാജാസ് കോളേജ്- എറണാകുളം, കെ.എഫ്.ആർ.ഐ.- തൃശ്ശൂർ, ബ്രണ്ണൻ കോളേജ് - തലശ്ശേരി എന്നീ സ്ഥാപനങ്ങളോടൊപ്പം ഐ.ആർ.ടി.സിയും ഈ നവീന വിദ്യാഭ്യാസ പരീക്ഷണത്തിൽ പങ്കാളിയാവുന്നു.

### ജില്ലാതല ഉദ്ഘാടനം ഐ.ആർ.ടി.സിയിൽ

ഗണിതത്തിലുള്ള കുട്ടികളുടെ പ്രാവീണ്യം വികസിപ്പിക്കുന്നതിനായി നടപ്പിലാക്കിയ 'മഞ്ചാടി' പദ്ധതിയുടെ ഫലപ്രാപ്തിയിൽ നിന്നുളവായ ആത്മവിശ്വാസമാണ് ശാസ്ത്രപഠനത്തിനുള്ള നവീന പ്രവർത്തനമാതൃക വികസിപ്പിക്കാൻ പ്രചോദനമായതെന്ന് 'മഴവില്ല്' പദ്ധതിയുടെ നേതൃതലത്തിൽ പ്രവർത്തിക്കുന്നവർ പറയുന്നു.

പാലക്കാട് ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ മുണ്ടൂർ ഐ.ആർ.ടി.സിയിൽ വച്ച് നിർവഹിച്ചു.

### പാലക്കാട്
### നഗരസഭകളുടെ സമഗ്ര മാലിന്യ പരിപാലനത്തിന് വഴിയൊരുങ്ങുന്നു

പാലക്കാട് ജില്ലയുടെ സമഗ്ര മാലിന്യ പരിപാലനം ലക്ഷ്യം വെച്ച് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ നഗരസഭകൾക്കായി നടത്തിയ ശില്പശാല ഐ.ആർ.ടി.സിയിൽ നടന്നു. പ്രൊഫ. പി. കെ. രവീന്ദ്രൻ വിഷയാവതരണം നടത്തി. ജില്ലയിലെ നഗരസഭകളിൽ പുതുതായി ചുമതലയേറ്റ ഭരണസമിതികളുടെ നേതൃത്വത്തിൽ നടന്ന ഇത്തരത്തിലുള്ള ആദ്യ ചർച്ചയായിരുന്നു ഇത്. കൂടിച്ചേരലിൽ വിവിധ നിർദേശങ്ങൾ ഉയർന്നു വന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോളുടെ നേതൃത്വത്തിലാണ് തുടർ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

## കുട്ടികളുടെ സയൻസ് പാർക്ക്

ചെറു പ്രായത്തിൽ തന്നെ കുട്ടികൾക്ക് ശാസ്ത്രബോധവും ശാസ്ത്രത്തിന്റെ രീതികളും സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന തുറന്ന അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.ആർ.ടി.സി ശാസ്ത്രപ്രവർത്തന കേന്ദ്രം ആരംഭിക്കുന്നു. ക്യാമ്പസിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ഒരുക്കുന്ന വ്യത്യസ്തമായ സജ്ജീകരണങ്ങൾ ആയിരിക്കും സയൻസ് സെന്ററിന്റെ പ്രധാന ആകർഷണം. സയൻസ് സെന്റർ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനായി ചേർന്ന ശില്പശാല AIPSN എക്സിക്യൂട്ടീവ് അംഗം ഡോ. വിവേക് മൊണ്ടെയ്റോ (നവനിർമിതി, മുംബൈ) ഉദ്ഘാടനം ചെയ്തു. പ്രൊഫ. പി. കെ. രവീന്ദ്രൻ, ഡോ. എൻ. ഷാജി, ഡോ. സി. രാമകൃഷ്ണൻ, കെ. വി. എസ്. കർത്താ, പി. രമേശ് കുമാർ, റിസ്വാൻ സി, ഡോ. കെ. രാജേഷ് തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

## എഡിറ്റോറിയൽ

ചെറുപ്രായത്തിൽതന്നെ കുട്ടികൾക്ക് ശാസ്ത്രബോധവും ശാസ്ത്രത്തിന്റെ രീതികളും സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന തുറന്ന അവസരങ്ങൾ നിർലോഭം ലഭിക്കേണ്ടതുണ്ട്. നമ്മുടെ ഔപചാരിക വിദ്യാഭ്യാസ സംവിധാനത്തിൽ ഇതിന് പരിമിതികളേറെയാണ്. ശാസ്ത്രപഠനം പാഠപുസ്തകത്തിൽ തന്നെ പരിമിതപ്പെടുത്തുന്നതും കുട്ടികളുടെ അന്വേഷണത്വര അവസരം ലഭിക്കാതെ മുരടിച്ച് പോകുന്നതും നമുക്കുചുറ്റുമുള്ള അനുഭവമാണ്. ആർജ്ജിച്ച വിവരങ്ങളെ ജ്ഞാനമാക്കി മാറ്റാനുള്ള കുട്ടികളുടെ കഴിവിനെ പരിപോഷിപ്പിക്കാൻ പതിവ് പഠനരീതികൾ പര്യാപ്തമല്ല. പ്രൈമറി (LP, UP) തലങ്ങളിൽ ലബോറട്ടറി അനുഭവങ്ങൾ പകരാൻ സാധാരണ നിലയിൽ കഴിയാറില്ല. ഇക്കാര്യത്തിൽ വ്യത്യസ്തമായൊരു പാത തെളിക്കാനുള്ള പരിശ്രമത്തിന് കേരളത്തിൽ തുടക്കമാകുകയാണ്.

തൊട്ടും കണ്ടും കേട്ടും ചെയ്തും അഥവാ നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അറിവിന്റെ അനന്ത വിസ്മയങ്ങളിലേക്ക് കടക്കാനുള്ള വാതായനമൊരുക്കുകയാണ് 'മഴവില്ല്' ശാസ്ത്രപഠന പരിപാടി.

ഐ.ആർ.ടി.സിക്ക് ചുറ്റുമുള്ള ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രൈമറി വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ പ്രയോജനം ലഭിക്കുക. ഇവിടെയുള്ള വിവിധ പഠന വിഭാഗങ്ങളുടെയും, ലബോറട്ടറികളുടെയും തുറന്ന ഇടങ്ങളുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തി ശാസ്ത്രാഭിരുചിയും ശാസ്ത്രബോധവും വിമർശനാത്മക ചിന്തയും സ്വായത്തമായ ഒരു പുതുതലമുറയെ സൃഷ്ടിക്കാനുള്ള പരീക്ഷണത്തിൽ ഐ.ആർ. ടി.സിയും പങ്കു വഹിക്കാനൊരുങ്ങുന്നു. മുണ്ടൂർ, പുതുപ്പരിയാരം പഞ്ചായത്തുകളുടെ പൂർണ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പഠനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അനിമേറ്റർമാർ, കുട്ടികളുടെ ചുമതലവഹിക്കുന്ന വളണ്ടിയർമാർ എന്നിവരെ നിയോഗിച്ചു കഴിഞ്ഞു. ഐ. ആർ.ടി.സിയിലെ കുട്ടികളുടെ ശാസ്ത്രപ്രവർത്തന കേന്ദ്രവും ഇതോടൊപ്പം പ്രവർത്തന സജ്ജമാവാൻ ഒരുക്കങ്ങൾ നടക്കുന്നു. പ്രകൃതിശാസ്ത്രങ്ങൾക്കൊപ്പം സാമൂഹ്യശാസ്ത്രത്തിന്റേയും വിശാലമായ ലോകത്തെ സ്വയം കണ്ടെത്താൻ കുഞ്ഞുങ്ങൾക്ക് പ്രേരണയാകുന്ന വിധത്തിൽ ശാസ്ത്രാന്വേഷണത്തിന്റെ വിസ്മയലോകം കുഞ്ഞുങ്ങളുടെ മുന്നിൽ തുറന്നിടാൻ ലഭിക്കുന്ന അവസരം നമുക്ക് പ്രയോജനപ്പെടുത്താം.




ഐ.ആർ.ടി.സിയിൽ സത്യൻ വടകരയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഗാർഡൻ

## ജി.ഐ.എസ് സാങ്കേതിക പരിശീലനത്തിൽ ഇനിയും മുന്നോട്ട്

ഐ.ആർ.ടി.സിയിലെ സെന്റർ ഫോർ ജിയോ ഇൻഫോർമാറ്റിക്സിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ജി.ഐ.എസ്. ആൻഡ് റിമോട്ട് സെൻസിംഗ് പ്രായോഗിക പരിശീലനം പത്താമത്തെ ബാച്ച് വിജയകരമായി പിന്നിട്ടു. സർവ്വകലാശാലകളിൽ നിന്നുള്ള അധ്യാപകർ, ഗവേഷകർ, ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി കേരളത്തിനകത്തും പുറത്തുനിന്നുമായി വിവിധ മേഖലകളിൽ നിന്നുള്ള 130-ഓളം പേർ ഇതുവരെ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ഐ.ആർ.ടി.സിയെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടമാണിത്. മറ്റു പല മേഖലകളിൽ എന്ന പോലെ ജി.ഐ.എസ്. സാങ്കേതികവിദ്യയിലും മികവുറ്റ ഒരു പരിശീലന കേന്ദ്രമായി ഐ.ആർ.ടി.സി മാറിക്കഴിഞ്ഞു. ഈ വളർച്ച സാമൂഹ്യപുരോഗതിയ്ക്ക് ഉതകുന്ന തരത്തിൽ ആയിരിക്കണം എന്നതിലൂന്നിയാണ് ഐ. ആർ.ടി.സിയുടെ ഈ മേഖയിലെ പ്രവർത്തനം. അതിനാൽ തന്നെ കേന്ദ്രം ഏറ്റെടുക്കുന്ന പദ്ധതികളിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. നിലവിൽ മൂന്നു ജില്ലകളിലായി നടത്തുന്ന ക്വാറി പഠനം ഇത്തരത്തിൽ ഒന്നാണ്. പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലാണ് ഇപ്പോൾ പഠനം നടക്കുന്നത്. ഇതു കൂടാതെ വിദ്യാർഥികൾക്കായി പ്രോജക്ടുകൾ, പി. എച്ച്. ഡി. കൺസൾട്ടൻസികൾ, ഇന്റേൺഷിപ്പുകൾ തുടങ്ങിയ സേവനങ്ങളും നൽകിവരുന്നു.

ഇതിനെല്ലാമായി അത്യാധുനിക സൗകര്യത്തോടു കൂടിയുള്ള ജി.ഐ.എസ്. ആൻഡ് റിമോട്ട് സെൻസിംഗ് ലാബും ജിയോസ്പേഷ്യൽ ട്രെയിനിങ് സെൻററും പ്രവർത്തിച്ചുവരുന്നു. ഒരു പ്രദേശത്തെ സമഗ്രമായ വികസനത്തിന് പൂർണമായ രീതിയിൽ ഭൗമശാസ്ത്ര-സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താൻ ഈ ലാബ് സഹായകമാണ്. കേരളത്തിലെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനായി റോഡ് കണക്ടിവിറ്റി, നിലവിലെ ഭൂവിനിയോഗ രീതി, ദുരന്ത സാധ്യതകൾ, പാരിസ്ഥിതികാഘാത പഠനം, ദുരന്തസാധ്യതാ പഠനം, കാലാവസ്ഥാ വ്യതിയാനം, വനപരിപാലനം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ സമഗ്ര പദ്ധതികൾ രൂപപ്പെടുത്തുന്നതിന് സാങ്കേതിക സഹായം നൽകാനുള്ള ഒരുക്കത്തിലാണ് ജിയോഇൻഫർമാറ്റിക്സ് കേന്ദ്രം. സാങ്കേതികവിദ്യയിലൂന്നിയ ശാസ്ത്രീയമായ വികസനം ഉറപ്പ് വരുത്താനുള്ള സുപ്രധാന ദൗത്യമാണ് മുന്നിൽ ഇനിയുള്ളത്.

**Published by Integrated Rural Technology Centre**
Mundur, Palakkad | Ph: 0491-2862324, 2862663 | E-mail ID: mail@irtc.org.in
Editor: Akhila M. | Design & Layout: Prajeesh A.

# കൂൺകൃഷിയിൽ വിജയം കൊയ്ത് ദമ്പതികൾ

**മുതൽമുടക്കില്ലാത്ത ലഘു സാങ്കേതിക പരീക്ഷണങ്ങൾ നടക്കുന്ന വീടാണ് ഇവരുടേത്**

**ആർദ്ര കെ. എസ്.**

നാട്ടിൻപുറത്തുകാർക്ക് കൂൺ ഒരു കിട്ടാക്കനിയാണ്. ഇടവപ്പാതിയിൽ ഇടിവെട്ടി മഴ പെയ്താൽ പിറ്റേന്ന് രാവിലെ വെള്ളമൊഴുകുന്ന ചാലിലോ, മരച്ചോട്ടിലോ മുളച്ച് വല്ലപ്പോഴും കിട്ടിയാലായുന്ന ഒന്ന്. എന്നാൽ സമൃദ്ധമായി കൂൺകൃഷി ചെയ്ത് വിളവെടുത്ത് ജീവിതം മുന്നോട്ടുനീക്കുന്ന ചിലരുണ്ട് നമുക്കിടയിൽ.

പാലക്കാട്ടെ ഓങ്ങല്ലൂർ പഞ്ചായത്തിലെ വാടാനാംകുറുശ്ശിയിൽ 23 വർഷങ്ങൾക്ക് മുമ്പ് കൂൺകൃഷി ചെയ്യാൻ തുടങ്ങിയവരാണ് രാധയും പൊന്നനും. പുലാമന്തോളിലെ തറവാട്ടിൽ പൊന്നന്റെ ജേഷ്ഠനായിരുന്ന കൂൺ കൃഷി ആദ്യം തുടങ്ങിയത്. അത് മുപ്പത് വർഷത്തോളം മുൻപാണ്. കൗതുകത്തിനല്ല, ഉപജീവനത്തിന വേണ്ടിയായിരുന്നു. അവിടെ നിന്നാണ് രാധയും ഭർത്താവ് പൊന്നനും കൂൺകൃഷിയുടെ ആദ്യ പാഠങ്ങൾ പഠിച്ചത്.

മകൾ ഷൈനിക്ക് 13 വയസ്സുള്ളപ്പോഴാണ് വാടാനാംകുറുശ്ശിയിലെ വീട്ടിൽ കൂൺകൃഷി തുടങ്ങുന്നത്. ഇപ്പോൾ അവൾക്ക് 36 വയസ്സായി, 13 വയസ്സുള്ള മകളുമായി.

രാധ ചേച്ചിയുടെ വീട് തന്നെ ഒരു കിളിക്കൂട് പോലെ മനോഹരമാണ്. വീടിന്റെ മതിലിന് പുറത്തേക്ക് ഏന്തി നിൽക്കുന്ന നീല പൂക്കളും പൂച്ചെടികളുമടക്കം മുറ്റം മുഴുവൻ ഒരിറ്റ് ഭൂമി വെറുതെയിടാതെ നട്ടും നനച്ചും ഓരോന്ന് വളർത്തിയിട്ടുണ്ട്. കൂൺകൃഷി ചെയ്യുന്നുണ്ടെങ്കിൽ അവിടെ ഏറ്റവും അടിസ്ഥാനപരമായി വേണ്ടത് വൃത്തിയാണ്. വീടും പരിസരവും പ്രാണിയോ ചപ്പ് കുപ്പയോ ഒന്നുമില്ലാതെ വൃത്തിയായിരിക്കുന്നു. ഓരോന്നിനും വേണ്ട സ്ഥലം കൃത്യമായി ഭാഗിച്ച് കൊടുത്തിട്ടുണ്ട്. വീടിനോട് ചേർന്ന 17 സെന്റ് ഭൂമിയിലാണ് കൂൺകൃഷിക്ക് വേണ്ട ഷെഡ്ഡും വൈക്കോലുമെല്ലാം ഒരുക്കിയിരിക്കുന്നത്. വീടിന് തൊട്ട് പിറകിലായി ഓടിട്ട ഷെഡ്ഡിൽ ഇരുന്നൂറോളം ബെഡ്ഡുകൾ വയ്ക്കാനുള്ള സൗകര്യമുണ്ട്.

മകരത്തിൽ കൊയ്ത്തു കഴിഞ്ഞാൽ വേണ്ട വൈക്കോൽ വാങ്ങി പ്രാണികൾ കയറാത്ത, മഴ നനയാത്ത സ്ഥലത്ത് സൂക്ഷിക്കും. ഒരു വർഷം കൂൺ കൃഷി ചെയ്യാൻ 140 മുതൽ 300 രൂപ വരെ വിലയുള്ള 70 വൈക്കോൽ കെട്ടുകൾ മതിയാകും. ചൂട് കുറഞ്ഞ ഷെഡ്ഡ് കെട്ടുന്ന ചിലവും വിത്തിന്റെ ചിലവും കൂടിയേ ഇനി പറയത്തക്കതുള്ളൂ.

കഴിഞ്ഞ 10 വർഷമായി കൂൺ വിത്ത് വാങ്ങുന്നത് ഐ.ആർ.ടി.സിയിൽ നിന്നാണ്. വിത്തിന്റെ ഗുണം വിളവെടുപ്പിനെ ബാധിക്കും. വിശ്വാസ്യതയുള്ള വിത്ത് വാങ്ങാൻ കിട്ടുന്ന ഏറ്റവും അടുത്ത സ്ഥലം ഐ.ആർ.ടി.സി ആണെന്ന് പൊന്നൻ പറയുന്നു. വിത്ത് വാങ്ങി കൊണ്ടുവരുന്നതും കൂൺ വിപണനം നടത്തുന്നതും പൊന്നനാണ്. ബാക്കി പണികളെല്ലാം രാധയാണ് ചെയ്യുന്നത്.

തൊണ്ണൂറ്റിയേഴിൽ ആദ്യമായി വിളവെടുത്തത് മുതൽ 2020ൽ എത്തി നിൽക്കുമ്പോൾ കൂൺകൃഷിയിൽ രാധ ചേച്ചിയുടേതായ പരീക്ഷണങ്ങളും ഒരു പാടുണ്ട്. പ്രായത്തിന്റേതായ ക്ഷീണം

> "കൂൺകൃഷി ചെയ്യുന്നുണ്ടെങ്കിൽ അവിടെ ഏറ്റവും അടിസ്ഥാനപരമായി വേണ്ടത് വൃത്തിയാണ്."

മറികടക്കാൻ രാധ ചേച്ചിയുടേതായ ഒരു പാട് എളുപ്പമാർഗങ്ങളും കണ്ടു പിടിച്ചിട്ടുണ്ട്. കൂൺ വിത്ത് വളരാൻ വേണ്ടിയുള്ള വൈക്കോൽ വെള്ളത്തിലിട്ട് വച്ച് എടുക്കുന്നത് ഒരു പ്രധാന പണിയാണ്. വൈക്കോൽ പിഴിഞ്ഞ് കൈ വേദന വന്നപ്പോൾ ഡോക്ടർ കൈയ്യിന് വിശ്രമം വേണമെന്ന് പറഞ്ഞു. അങ്ങനെയാണ് വൈക്കോൽ പിഴിഞ്ഞെടുക്കാൻ വീട്ടിലെ വാഷിങ് മെഷീൻ ഉപയോഗിച്ച് തുടങ്ങിയത്. മെഷീൻ കേടാകാത്ത രീതിയിൽ വൈക്കോൽ തുണിയിൽ കെട്ടി മെഷീനിൽ ഇട്ട് വെള്ളം വാർത്തും. പിന്നെ പുറത്തെടുത്ത് ആവി കയറ്റും. കാര്യം എളുപ്പമായി.

ഇങ്ങനെ ചെലവ് കുറഞ്ഞ രീതിയിൽ വീട്ടിലെ പരിമിതമായ സൗകര്യങ്ങളിൽ നിന്ന് കൊണ്ട് രാധചേച്ചി കീടശല്യം മാറ്റാൻ കണ്ടുപിടിച്ച മാർഗവും രസകരമാണ്. കൂൺ പുറത്തു വരാനായി ബെഡ്ഡിൽ ഉണ്ടാക്കിയിട്ടുള്ള ഓട്ടകൾക്കുള്ളിലൂടെ പ്രാണികൾ കയറി കൂൺ വിത്തുകൾ തിന്ന് നശിപ്പിക്കാറുണ്ട്. ഇത് തടയാനായി ഓട്ടകളിൽ വൃത്തിയുള്ള പഞ്ഞി വയ്ക്കുന്നതും രാധ ചേച്ചി



വികസിപ്പിച്ചെടുത്ത താണ്. ഇത്തരത്തിൽ വലിയ മുതൽ മുടക്കില്ലാതെ പല ടെക്നിക്കുകളും ഇവരുടെ വീട്ടിൽ പോയാൽ കാണാം.

ഒരു പാട് മൂലധനം വേണ്ട ഒന്നല്ല കൂൺകൃഷി. പക്ഷേ നല്ല ശ്രദ്ധയും വൃത്തിയും ശാസ്ത്രീയതയും കൂടി ചേരുമ്പോൾ മാത്രമേ അത് വിജയകരമാവുകയുള്ളൂ.

കൂൺ വിൽപ്പന കടകളിൽ മാത്രമല്ല, ഗുണം കൊണ്ട് തേടി വരുന്നവരും സ്ഥിരമായി വാങ്ങുന്നവരുമൊക്കെ ഉപഭോക്താക്കളായുണ്ട്. ദിവസത്തിൽ 15 പാക്കറ്റ് വിറ്റ് പോകാൻ പ്രയാസമില്ലെന്ന് ഇവർ പറയുന്നു. 60 രൂപയാണ് 200 ഗ്രാം പാക്കറ്റിന് വില. രാധയും പൊന്നനും കൂൺകൃഷി ചെയ്താണ് തന്റെ മൂന്ന് മക്കളെയും വളർത്തിയത്. മകനിപ്പോൾ അമേരിക്കയിൽ എഞ്ചിനീയറാണ്. വാടാനാംകുറുശ്ശിയിലെ കൂൺ അമേരിക്കയിലേക്കും കയറിപോവുന്നുണ്ട്. അവിടെയുമുണ്ട് രാധയുടെ കൂണിന് ആരാധകർ.

കോവിഡിനു ശേഷം കടകൾ അടച്ചപ്പോഴും കൂണിന് ആവശ്യക്കാർ ഉണ്ടായിരുന്നുവെന്ന് പൊന്നൻ പറയുന്നു. വീട്ടിൽ ഇരുന്ന് മെച്ചപ്പെട്ട വരുമാനം ഉറപ്പിക്കാനാഗ്രഹിക്കുന്നവർക്ക് ഒരു പാഠമാണ് രാധയും പൊന്നനും അവരുടെ കൂൺ കൃഷിയും.

# മൂന്നാറിൽ മാലിന്യസംസ്കരണത്തിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നു

കേരളത്തിലെ അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുന്നതിന് UNDP യുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാകുന്നു. ഐ.ആർ. ടി.സിയാണ് സമഗ്ര മാലിന്യസംസ്കരണത്തിനാവശ്യമായ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. ശൈത്യ കാലാവസ്ഥയിലും കമ്പോസ്റ്റിങ് ഉൾപ്പെടെയുള്ള ജൈവമാലിന്യ സംസ്കരണപ്രവർത്തനങ്ങൾ വിജയകരമാക്കാനുള്ള പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ആവശ്യമായ സാങ്കേതിക പരിഷ്കാരങ്ങൾ ഉൾപ്പെടുത്തി പദ്ധതിരേഖ തയ്യാറാക്കുന്നത്. മൂന്നാറിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഹരിതസഹായ സ്ഥാപനം സംസ്ഥാന കോർഡിനേറ്റർ ടി. പി. ശ്രീശങ്കർ, ഡോ. പി. എൻ. ദാമോദരൻ, വി. മനോജ് കുമാർ, ശ്രേയസ് വത്സൻ എന്നിവർ നേതൃത്വം നൽകുന്നു. ശൈത്യ കാലാവസ്ഥ നിലനിൽക്കുന്ന വട്ടവട, മാങ്കുളം, അടിമാലി, ചിന്നക്കനാൽ, അതിരപ്പിള്ളി, ദേവികുളം എന്നീ പഞ്ചായത്തുകളിലെ ഹരിതസഹായ സ്ഥാപനം പ്രവർത്തനങ്ങൾക്കും ഐ.ആർ.ടി.സിയാണ് നേതൃത്വം നൽകുന്നത്.




# കൊല്ലം കരീപ്പുഴയിലെ RRF പ്രവർത്തനം ആരംഭിച്ചു

കൊല്ലം കരീപ്പുഴ RRF ന്റെ പ്രവർത്തനോദ്ഘാടനം ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മെഴ്സിക്കുട്ടി അമ്മ നിർവ്വഹിച്ചു. കൊല്ലം കോർപ്പറേഷനിലെ അജൈവ മാലിന്യ പരിപാലനം മികച്ച രീതിയിൽ നടത്തുന്നതിനായി രൂപകൽപന ചെയ്ത 5028 ച. അടി. വിസ്തീർണ്ണം ഉള്ള കെട്ടിടം നൂതനമായ ആർച്ചുടസ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചതാണ്. തരംതിരിച്ച വിവിധ തരത്തിലുള്ള അജൈവ വസ്തുക്കൾ സൂക്ഷിക്കാവുന്ന 8 വലിയ കമ്പാർട്ടുമെന്റുകളും, റാക്കുകളും ഒരുക്കിയിരിക്കുന്നു. ഭാരം നിറച്ച വാഹനങ്ങൾ ഉള്ളിൽ കയറുവാനും സാധന സാമഗ്രികൾ ഇറക്കുവാനും കയറ്റുവാനും പറ്റുന്ന തരത്തിലാണ് ആർ.ആർ.എഫിന്റെ നിർമാണം.

ഹാളിന്റെ ഉയരം 4.5 മീറ്ററിനു മുകളിൽ ആയതിനാൽ ഉള്ളിലെ ഊഷ്മാവ് കൂടുതലാകാതെ നിലനിർത്താനും സാധിക്കുന്നു. വലിയ ഹാൾ ആയതിനാൽ ഇരുവശത്തും മുൻഭാഗത്തും വായുസഞ്ചാരത്തിനോടൊപ്പം മഴവെള്ളം ഉള്ളിൽ കടക്കാത്ത രീതിയിലാണ് വശങ്ങൾ നിർമിച്ചിരിക്കുന്നത്. ഉയർന്ന നിലവാരത്തിൽ ഉള്ള സ്റ്റീൽ പൈപ്പുകളും, ഷീറ്റുകളും, മെഷുകളും ആണ് നിർമാണത്തിന് ഉപയോഗിച്ചിരിക്കുന്നത്.

IRTC-PIU നേരിട്ടാണ് നിർമ്മാണ പ്രവർത്തനം നടത്തിയത്. പരമ്പരാഗതമായ മാലിന്യ സംസ്കരണ പ്ലാന്റുകളിൽ നിന്നും വ്യത്യസ്തമായി ഓഫീസ് മുറിയും, ടൂൾസ് മുറിയും, ബാത്റൂമോടു കൂടിയ റസ്റ്റ് റൂമും, തരംതിരിക്കുവാനുള്ള വിശാലമായ ഹാൾ ഉൾപ്പെടെ മനോഹരമായ വിധത്തിലാണ് ആർ.ആർ.എഫ് നിർമിച്ചിരിക്കുന്നത്.

## പരിഷത്ത്- ഐ.ആർ.ടി.സി. യോഗങ്ങൾ പൂർത്തിയായി

ഐ.ആർ.ടി.സിയിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ ജില്ലകളിൽ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി പരിഷത്ത് ജില്ലാതല പ്രവർത്തകരും ഐ.ആർ.ടി.സി പ്രവർത്തകരും സംയുക്തമായി നടത്തിയ ഓൺലൈൻ ആസൂത്രണ യോഗങ്ങൾ സമാപിച്ചു. എല്ലാ ജില്ലകളിലും യോഗങ്ങൾ നടന്നു. വിശദമായ റിപ്പോർട്ടിങ്, ചർച്ചകൾ, പ്രശ്നവിശകലനം, ഭാവി പ്രവർത്തനസൂചകങ്ങൾ എന്നിവ യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. വിവിധ ജില്ലകളിൽ തുടർപരിപാടികൾ ആവിഷ്കരിച്ച് വരുന്നു. ജില്ലകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർക്കു വേണ്ടി ഐ.ആർ. ടി.സിയിൽ നടത്തിയ ദ്വിദിന ശില്പശാല തുടർ പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ ആസൂത്രണം ചെയ്തു. മേഖലാതലത്തിൽ നടക്കേണ്ട ശില്പശാലകളുടെ തയ്യാറെടുപ്പ് വിവിധ ജില്ലകളിൽ നടന്നുവരുന്നു.



# കോവിഡിനു ശേഷം സജീവമായി ഐ.ആർ.ടി.സി. വ്യാഴാഴ്ചക്കൂട്ടം

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച അഖില എം. എഴുതിയ "ചിന്നുവിന്റെ ചിരിക്കാലം" എന്ന പുസ്തകം അധ്യാപികയും എഴുത്തുകാരിയുമായ അനു പാപ്പച്ചൻ പ്രകാശനം ചെയ്തു. ഐ.ആർ.ടി.സി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ഈ വർഷത്തെ തുഞ്ചൻ സ്മാരക കൊൽക്കത്ത എൻഡോവ്മെന്റ് പുരസ്കാരം നേടിയ എം.ആർ. അർച്ചയെ അനുമോദിച്ചു. നാടക-ചലച്ചിത്ര പ്രവർത്തകയായ സജിതാ മഠത്തിൽ ആർച്ചക്ക് ഉപഹാരം നൽകി. ഐ.ആർ.ടി.സിയിലെ സാംസ്കാരികവേദിയായ 'വ്യാഴാഴ്ച്ചക്കൂട്ട'ത്തിന്റെ ഭാഗമായാണ് പ്രകാശനവും അനുമോദന ചടങ്ങും സംഘടിപ്പിച്ചത്. ചടങ്ങിന് ശേഷം ഹരി ചെറായി, കോട്ടക്കൽ മുരളി എന്നിവരുടെ നേതൃത്വത്തിൽ സംഗീത പരിപാടി നടന്നു.



# ജിയോഇൻഫർമാറ്റിക്സ് പരിശീലന പരിപാടി

ഐ.ആർ.ടി.സി. സെന്റർ ഫോർ ജിയോ ഇൻഫോർമാറ്റിക്സിൽ നിന്ന് പത്താമത് ബാച്ച് പരിശീലനം പൂർത്തിയാക്കി. ജിയോഇൻഫോർമാറ്റിക്സ്, വിദൂര സംവേദന സാങ്കേതിക വിദ്യ (റിമോട്ട് സെൻസിങ്) തുടങ്ങിയ വിഷയങ്ങളിൽ പ്രാഥമിക പരിശീലനങ്ങളാണ് നൽകിവരുന്നത്. ത്രിദിന പരിശീലന പരിപാടി വിദ്യാർത്ഥികളുടെ അവശ്യപ്രകാരം ഈ ബാച്ച് മുതൽ നാലു ദിവസമാക്കി മാറ്റിയിരുന്നു.

മൂന്ന് ദിവസത്തെ പരിശീലനത്തിൽ Fundamentals and applications of GIS & Remote Sensing, Satellite image processing, Land use - Land cover classification, Preparation of resource map, Google Earth Pro, GPS technology, ഫീൽഡ് പഠനം എന്നീ വിഷയങ്ങളിലാണ് പ്രായോഗിക പരിശീലനം നൽകി വരുന്നത്.

ഐ.ആർ.ടി.സി ഡയറക്ടർ ഡോ. എസ്. ശ്രീകുമാർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

# VAM യൂണിറ്റ് പ്രവർത്തനമാരംഭിച്ചു

ഐ.ആർ.ടി.സി-നബാർഡ് സോയിൽ പ്രോജക്ടിന്റെ ഭാഗമായി VAM യൂണിറ്റ് പഴനിയാർപാളയത്ത് പ്രവർത്തനം ആരംഭിച്ചു.

മണ്ണിൽ ധാരാളമായി കാണപ്പെടുന്ന ഫോസ്ഫേറ്റുകളെ അലിയിക്കാൻ കഴിവുള്ള ഫംഗസാണ് വെസിക്യുലാർ അർബുസ്കുലർ മൈകോറിസൽ (വി.എ.എം). ഫോസ്ഫറസിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനൊപ്പം, രോഗാണുക്കളെയും പ്രതികൂല കാലാവസ്ഥയെയും പ്രതിരോധിക്കാൻ ആവശ്യമായ ശക്തി VAM സസ്യങ്ങൾക്ക് നൽകുന്നു. സസ്യങ്ങളുടെ വേരുകൾക്ക് സമീപം മാത്രമേ VAM സജീവമാകൂ. വേരുകളിൽ പ്രയോഗിച്ചുകൊണ്ട്, നഴ്സറി ഗ്രോ ബാഗുകൾ വഴിയോ കമ്പോസ്റ്റിൽ കലർത്തിയോ ഇത് ഉപയോഗിക്കാം.

വിത്തുകൾ നടുമ്പോൾ അല്ലെങ്കിൽ ഗ്രോ ബാഗുകളിൽ നിന്ന് വീണ്ടും നടുമ്പോൾ വേരുകളിലൂടെ ഇത് കലർത്തി കൃഷിസ്ഥലത്ത് വ്യാപിപ്പിക്കാം. വിത്ത് നേരിട്ട് വിതച്ച് വളർത്തുന്ന പച്ചക്കറികളിൽ, വിതയ്ക്കുന്നതിനൊപ്പം 20 ഗ്രാം വാം ഇടാം.

VAM കലർത്തി കൃഷി ചെയ്യുകയാണെങ്കിൽ വിളവിൽ 20 ശതമാനം വരെ വർദ്ധനവ് ഉണ്ടാകുമെന്നാണ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്.



VAM - മാതൃകാ പരിക്ഷണ കൃഷിത്തോട്ടം

# നല്ല നാളേയ്ക്കുള്ള അന്വേഷണങ്ങളുമായി ഐ.ആർ.ടി.സി- നബാർഡ്- KfW സോയിൽ പ്രോജക്റ്റ്

മണ്ണ്- ജല സംരക്ഷണത്തിലൂന്നി കാർഷിക മേഖലയിൽ സുസ്ഥിര മാതൃകകൾ സൃഷ്ടിക്കാൻ പാലക്കാട് ജില്ലയിലെ എട്ട് നീർത്തടങ്ങളിൽ നബാർഡിന്റെ സഹായത്തോടെ ഐ.ആർ.ടി.സി. നടപ്പിലാക്കുന്ന സോയിൽ പ്രൊജക്റ്റ് ഒരു വർഷത്തെ പ്രവർത്തനം പൂർത്തിയാക്കുമ്പോൾ വൈവിധ്യമാർന്ന ആശയങ്ങളാണ് പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്നത്. അക്വാപോണിക്സ് മത്സ്യകൃഷിരീതി, മഴവെള്ള ശുദ്ധീകരണ യൂണിറ്റ്, കാലാവസ്ഥ അളക്കുന്ന സംവിധാനം, ബയോഗ്യാസ് പ്ലാന്റുകൾ, മാലിന്യ സംസ്കരണ ഉപകരണങ്ങൾ തുടങ്ങി പല വഴികളിലൂടെയാണ് സുസ്ഥിര പാതയിലെത്താനുള്ള പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നത്.

## നബാർഡ് പദ്ധതിയുടെ അവലോകനം നടന്നു

KfW Soil project ന്റെ ഫീൽഡ് സന്ദർശനത്തിന്റെ ഭാഗമായി NABARD CGM P. ബാലചന്ദ്രൻ, DDM ശ്രീ. ലാലു പി എൻ കുട്ടി എന്നിവർ പൂതനക്കയം നീർത്തടം സന്ദർശിച്ചു. പദ്ധതി ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ഫ്രൂട്ട് ഗ്രൂവ്, ബയോഗ്യാസ്, വെൽ റീച്ചാർജ്, റീ സർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. രജനീഷിന്റെ കൃഷിയിടത്തിൽ സ്ഥാപിച്ച മൽസ്യകൃഷി യൂണിറ്റിന്റെ ഉദ്ഘാടനം സി.ജി.എം. പി. ബാലചന്ദ്രൻ നിർവ്വഹിച്ചു. ഇതിന് വേണ്ട സാങ്കേതിക സഹായങ്ങൾ എല്ലാം നൽകിയത് ഐ.ആർ.ടി.സിയാണ്. ഐ.ആർ.ടി.സി എൻജിനിയർമാരായ ശ്രീരാജിന്റേയും സ്വാതിയുടേയും നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. വാള ഇനത്തിൽ പെട്ട 1500 മീനുകൾ ആറു മാസത്തിനകം 1000 കിലോഗ്രാമിലേറെ ഉല്പാദനത്തിൽ എത്തും. മറ്റുള്ളവർക്ക് ഇതൊരു പ്രചോദനമായി മാറട്ടെ എന്ന് ചീഫ് ജനറൽ മാനേജർ അഭിപ്രായപ്പെട്ടു. നീർത്തടത്തിലെ അഞ്ച് കർഷകർ ഇത്തരത്തിൽ പുതിയ അക്വാപോണിക്സ് യൂണിറ്റുകൾ ആരംഭിച്ചു.

കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകളും വിതരണം ചെയ്തു. CGM ന്റെ അധ്യക്ഷതയിൽ പൂതനക്കയം, കൊന്നക്കൽക്കടവ് നീർത്തട കമ്മിറ്റി അംഗങ്ങളുടെ സംയുക്തയോഗം നടന്നു. ഇരു കമ്മിറ്റികളുടെയും പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്തു. പരിപാടിയിൽ നീർത്തട കമ്മിറ്റി അംഗങ്ങളും IRTC പ്രതിനിധികളും പങ്കെടുത്തു.



**രജനീഷിന്റെ കൃഷിയിടത്തിൽ സ്ഥാപിച്ച RAS യൂണിറ്റിന്റെ സ്വിച്ച് ഓൺ കർമ്മം നബാർഡ് സി.ജി.എം പി. ബാലചന്ദ്രൻ നിർവ്വഹിച്ചപ്പോൾ**

## ഇന്ധന വിലവർദ്ധന ഇനി ഒരു പ്രശ്നമല്ല

ദിനംപ്രതി ഇന്ധന വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഐ.ആർ.ടി.സി.- നബാർഡ് KfW സോയിൽ പ്രൊജക്റ്റിൽ നിന്ന് ഉയർന്നുവന്ന പുതിയ മാതൃക ചർച്ചയായി കഴിഞ്ഞു.

പ്രോജക്റ്റിന്റെ ഭാഗമായി കൊന്നക്കൽക്കടവ് നീർത്തട കമ്മിറ്റിയുടെ നേതൃത്വത്തിൽ ജോസ് മുപ്പാട്ടിൽ എന്ന ഉപഭോക്താവിന് $2M^3$ ബയോഗ്യാസ് പ്ലാന്റ് അനുവദിച്ചിരുന്നു. 2020 ഒക്ടോബറിൽ ഉപഭോക്തൃ തുക 10,625 രൂപ (മൊത്തം തുക 42500 രൂപ ) അദ്ദേഹം കമ്മിറ്റിയ്ക്ക് നൽകി 15 ദിവസത്തിനകം ബയോഗ്യാസ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കന്നുകാലി വളർത്തൽ ഉപജീവനമായതിനാൽ ചാണകമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കൃത്യം 10 ദിവസങ്ങൾക്കുള്ളിൽ കുടുംബം ബയോഗ്യാസ് ഉപയോഗിക്കാൻ ആരംഭിച്ചു. ദിനംപ്രതി ഏകദേശം രണ്ട് കൊട്ട ചാണകം (10 kg) ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു.



നാല് മാസങ്ങൾക്ക് ശേഷം കുടുംബം LPG ഗ്യാസ് പൂർണ്ണമായും ഉപേക്ഷിച്ചു. ഒരു ഗ്യാസ് സിലിണ്ടർ കുടുംബം രണ്ട് മാസത്തോളമാണ് ഉപയോഗിച്ചിരുന്നത്. ബയോഗ്യാസ് സ്ഥാപിച്ചതിന് ശേഷം LPG ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിക്കുന്നില്ല എന്നും, ഏകദേശം 1460 രൂപ (ഇപ്പോഴത്തെ വില 730 രൂപ-730x2) ചുരുങ്ങിയ കാലം കൊണ്ട് തനിക്ക് ലാഭിക്കാൻ സാധിച്ചു എന്നും ജോസ് മുപ്പാട്ടിൽ അഭിപ്രായപ്പെട്ടു.

# KfW സോയിൽ പ്രോജക്റ്റ് – പ്രവർത്തനങ്ങൾ



ഐ.ആർ.ടി.സിയിൽ നടന്ന യോഗത്തിൽ നബാർഡ് സി.ജി.എം പി. ബാലചന്ദ്രൻ പ്രോജക്റ്റ് ഫെസിലിറ്റേറ്റിങ് ഏജൻസി (പി.എഫ്.എ) അംഗങ്ങളുമായി സംവദിക്കുന്നു




നടുപ്പതി-മുട്ടിച്ചിറ നീർത്തടത്തിൽ നടന്ന സോയിൽ ഹെൽത്ത് കാർഡ് വിതരണം




നാഗലശ്ശേരി നീർത്തട സമിതി അംഗങ്ങൾക്ക് ബയോബിന്നുകൾ വിതരണം ചെയ്തു



ചാഴിയാട്ടിരി നീർത്തടത്തിൽ ഒരുങ്ങുന്ന ഫലവൃക്ഷത്തോട്ടം



ചാഴിയാട്ടിരി നീർത്തടത്തിൽ നിർമിച്ച കിണർ റീച്ചാർജ് യൂണിറ്റ്



നീർത്തടങ്ങളിലെ കർഷകർക്ക് വേണ്ടി നിർമിക്കുന്ന അസോള യൂണിറ്റുകൾ നബാർഡ് ഡി.ഡി.എം. ലാലു പി. നാരായണൻകുട്ടി സന്ദർശിച്ചപ്പോൾ




ഐ.ആർ.ടി.സി. മൽസ്യ കൃഷി യൂണിറ്റിന്റെ ഓഫ്-കാമ്പസ് ട്രെയിനിംഗ്-കം ഡെമോ സൗകര്യം മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ എഴക്കാട് സ്ഥാപിച്ചപ്പോൾ. നബാർഡിന്റെ സാമ്പത്തിക സഹായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്



# യാത്രയയപ്പ്

ഹരീഷ് കുമാറിന് പി.പി.സി സെക്രട്ടറി കെ.വി. വിജിത് ഉപഹാരം സമ്മാനിക്കുന്നു

പരിഷത്ത് പ്രൊഡക്ഷൻ സെന്റർ (പി.പി.സി) സെക്രട്ടറിയായിരുന്ന ഹരീഷ് കുമാറിന് ഐ.ആർ.ടി.സി കുടുംബാംഗങ്ങൾ ഹൃദ്യമായ യാത്രയയപ്പ് നൽകി. ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിലെ ഹാളിൽ വച്ച് നടന്ന പരിപാടിയിൽ പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ ലില്ലി കർത്ത അദ്ധ്യക്ഷയായി. രജിസ്ട്രാർ കെ. കെ. ജനാർദ്ദനൻ, ജോസഫ് പി. വി., മാത്യു എ.കെ., വിജിത്, രശ്മി, ഹരീഷ്, രതിമ, ശെൽവരാജ് വി.സി., പ്രസാദ്, സുജിഷ തുടങ്ങിയവർ ഓർമ്മകൾ പങ്കുവച്ചു. ശ്രീജിത്ത് ചടങ്ങിനെത്തിയവർക്ക് നന്ദി പറഞ്ഞു.



# സി.ജെ.എസ് അനുസ്മരണം

ഐ.ആർ.ടി.സി മുൻ രജിസ്ട്രാർ പ്രൊഫ. സി.ജെ. ശിവശങ്കരന്റെ നിര്യാണത്തിൽ ഐ.ആർ.ടി.സി പ്രവർത്തകർ അനുശോചനം രേഖപ്പെടുത്തി. അനുശോചന യോഗത്തിൽ ഐ.ആർ.ടി.സി ഡയറക്ടർ ഡോ. എസ്. ശ്രീകുമാർ, പ്രൊഫ. പി.കെ. രവീന്ദ്രൻ, ഡോ. സി. ജോർജ്ജ് തോമസ്, പ്രൊഫ. ബി. എം. മുസ്തഫ തുടങ്ങിയവർ സംസാരിച്ചു.

# വനിതാദിനാഘോഷം



ഐ.ആർ.ടി.സിയിൽ അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിച്ചു. പരിപാടിയുടെ ഭാഗമായി ഹ്രസ്വചലചിത്രം പ്രദർശിപ്പിച്ചു. സ്ത്രീകൾ നേരിടുന്ന സമകാലിക വിഷയങ്ങളെ സംബന്ധിച്ച് ചർച്ചയും നടന്നു.

# ഇനി കൂടുതൽ സൗകര്യത്തിൽ ബയോബിൻ

പുതുമകളോടെ വലുപ്പം കുറഞ്ഞ, ദൃഢതയുള്ള, എന്നാൽ ഒരു കിലോ മാലിന്യം അധികം സംസ്കരിക്കാൻ ശേഷിയുള്ള ബയോബിന്നുകൾ ഐ.ആർ. ടി.സി പുറത്തിറക്കി. ആദ്യ ലോഡ് 500 യൂണിറ്റ് ഗുരുവായൂർ നഗരസഭയിലേക്കാണ് എത്തിച്ച് നൽകിയത്.



# വെണ്ണേക്കോട് ജലസേചന പദ്ധതി

നബാർഡ്-ടി.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ അനുമതി ലഭിച്ച രണ്ട് ഇറിഗേഷൻ പദ്ധതികളിൽ ഒന്നായ വെണ്ണേക്കോട് പദ്ധതിയുടെ നിർവ്വഹണം പൂർത്തീകരിച്ച് കർഷകർക്ക് വെള്ളം എത്തിച്ചു തുടങ്ങി. 33 ആദിവാസി കുടുംബങ്ങൾക്കായി 33 ഏക്കർ സ്ഥലത്തെ കൃഷിക്ക് പ്രയോജനം ലഭിക്കുന്നതാണ് പദ്ധതി. ജലസ്രോതസ്സിൽ നിന്നും 650 മീറ്റർ ദൂരത്തിൽ, 150 മീറ്റർ ഉയരത്തിൽ നിർമ്മിച്ചിരിക്കുന്ന 17,000 ലിറ്റർ ശേഷിയുള്ള കോൺക്രീറ്റ് ടാങ്കിൽ വെള്ളം പമ്പ് ചെയ്ത് ശേഖരിച്ച്, ഗ്രാവിറ്റി ഇറിഗേഷൻ വഴി കർഷകരുടെ പറമ്പുകളിൽ വെള്ളം എത്തിക്കുകയാണ് ചെയ്യുന്നത്. രണ്ട് ഘട്ടങ്ങളിലായി വെള്ളം പമ്പ് ചെയ്താണ് ടാങ്കിൽ എത്തിക്കുന്നത്. തുടക്കത്തിൽ പുഴയിൽ നിന്നും 2 HP മോട്ടോർ ഉപയോഗിച്ച് പുഴയോരത്തുള്ള ആദ്യ ടാങ്കിലേക്കും, ഈ ടാങ്കിൽ നിന്നും 7.5 HP മോട്ടോർ ഉപയോഗിച്ച് ഏറ്റവും മുകളിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കിൽ വെള്ളം പമ്പ് ചെയ്യുകയുമാണ് ചെയ്യുന്നത്.

രണ്ടാമത്തെ പദ്ധതിയായ കണ്ടിലംപാറ ജലസേചന പദ്ധതിയുടെയും നിർവ്വഹണം പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് വെള്ളം ലഭ്യമാക്കുവാൻ സാധിക്കും.

